കമ്പളം-ഊറവൂർ പാത ഇരട്ടിപ്പിക്കൽ 2011-12 റെയിൽവേ ബഡ്ജറ്റിലും തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ 2015-16-ലും അനുവദിച്ചു. ROB/RUB/Subway ഓരോ വർഷവും അനുവദിച്ചവയുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

2011-12	=	2
2012-13	=	16
2013-14	=	14
2014-15	=	1
2015-16	=	14

റെയിൽവേയുടെ ടോയ്ലറ്റ് നവീകരണം

129 (496) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) റെയിൽവേ ലൈനുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ട്രെയിനുകളിൽ നിന്നുള്ള മാലിന്യം പാളത്തിൽ വീഴുന്നത് ദുർഗന്ധവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ടോയ്ലറ്റ് സംവിധാനം അടിയന്തരമായി പരിഷ്കരിക്കേണ്ടുന്നത് റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ ?

ഉത്തരം

(എ) പൊതുവായ വിലയിരുത്തൽ നടത്താറുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ട്രെയിനുകളിൽനിന്നുള്ള ടോയ്ലറ്റ് മാലിന്യങ്ങൾ റെയിൽ പാളത്തിൽ വീഴുന്നതുകൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി സൗഹൃദ ബയോ ടോയ്ലെറ്റുകൾ ഏർപ്പെടുത്താൻ റെയിൽവേ തീരുമാനിക്കുകയും തെരഞ്ഞെടുക്കപ്പെട്ട ട്രെയിനുകളിൽ ടി സംവിധാനം ഏർപ്പെടുത്തി തുടങ്ങുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തന ക്ഷമത വിലയിരുത്തി കൂടുതൽ കാര്യക്ഷമമാക്കാനും കൂടുതൽ ട്രെയിനുകളിലേയ്ക്ക് പ്രസ്തുത സംവിധാനം വ്യാപിപ്പിക്കാനും റെയിൽവേ ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly